**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊച്ചി നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീ. മാത്യൂ.എ.എക്സ്- ശൂന്യവേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 33/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.01.2019

പരാമർശം : 1. 18.12.2012 തീയതിയിലെ സ.ഉ(സാധാ)നം.3503/2012/തസ്വഭവ- നമ്പർ ഉത്തരവ്.

2. നഗരകാര്യ ഡയറക്ടറുടെ 07.05.2018 തിയതിയിലെ ഇ 3- 8227/12 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിലെ സീനിയർ ക്ളർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. മാത്യൂ. എ എക്സ്-ന് പരാമർശം 1 ഉത്തരവ് പ്രകാരം, കെ എസ് ആർ ഭാഗം 1 അപ്പെൻഡിക്സ് 12 സി റൂളിന്റെ അടിസ്ഥാനത്തിൽ അഞ്ച് വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ചിരുന്നു. 01.03.2013 മുതൽ അവധിയിൽ പ്രവേശിച്ച ടിയാൻ 01.03.2018 തീയതിയിൽ ജോലിയിൽ പ്രവേശിക്കേണ്ടതായിരുന്നു. എന്നാൽ ടി ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിന് ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൻ ലഭ്യമാക്കിയ അവധി അപേക്ഷ പ്രകാരം തനിക്ക് 2 വർഷവും 2 മാസത്തേക്ക് കൂടി അവധി ദീർഘിപ്പിച്ച് നൽകണമെന്നും അപേക്ഷ സമർപ്പിക്കുന്നതിന് വന്ന കാലതാമസം മാപ്പാക്കണമെന്നും അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . കെ.എസ്.ആർ ഭാഗം I, അനുബന്ധം XII C, ചട്ടം 6 പ്രകാരം പ്രസ്തുത അവധി അധിവർഷ വിരമിക്കൽ തീയതിക്കു മുൻപ് 12 മാസത്തിനപ്പുറം ദീർഘിപ്പിക്കാൻ പാടില്ലാത്തതാകുന്നു. ശ്രീ. മാത്യൂവിന്റെ അധിവർഷ വിരമിക്കൽ തീയതി 31/05/2020 ആകയാൽ ടിയാന് 01/06/2019 വരെ മാത്രമേ ടി ചട്ടപ്രകാരമുള്ള അവധിക്ക് അർഹതയുള്ളൂ. കൂടാതെ കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII C, ചട്ടം 10 പ്രകാരം പ്രസ്തുത അവധി മുൻകാല പ്രാബല്യത്തോടെ അനുവദിക്കാനാവില്ല. എന്നാൽ അനുവദിച്ചിട്ടുള്ള അവധി കാലയളവ് പൂർത്തിയാകുന്നതിന് മുൻപ് ദീർഘിപ്പിക്കലിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള സാഹചര്യങ്ങളിൽ ചട്ടത്തിൽ ഇളവ് വരുത്തി മുൻകാല പ്രാബല്യത്തിൽ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നല്കാറുണ്ട് .

3. മേൽ സാഹചര്യത്തിൽ കൊച്ചി നഗരസഭയിലെ സീനിയർ ക്ളർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. മാത്യൂ എ.എക്സ്. 18.12.2012 ലെ 3503/2012/LSGD ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധിക്ക് തുടർച്ചയായി 01.03.2018 മുതൽ 31/05/2019 വരെ, കെ.എസ്.ആർ, ഭാഗം I,

അനുബന്ധം XII C ചട്ടം 10 ൽ ഇളവുവരുത്തിയും കെ. എസ്.ആർ,ഭാഗം I, അനുബന്ധം XII C യിലെ മറ്റ് ചട്ടങ്ങൾക്ക് വിധേയമായും ഇനിയൊരു ദീർഘിപ്പിക്കൽ ഉണ്ടാകില്ല എന്ന വ്യവസ്ഥയോടെ മുൻകാല പ്രാബല്യത്തിൽ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. മാത്യു എ എക്സ്, സീനിയർ ക്ളർക്ക്, കൊച്ചി നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ